കേരള സർക്കാർ

.

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website:www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട സഹിതം)
നം.കെ.എസ്.എ.-ഇകെഎം(പി.14)2294/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:29/11/2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് ,
പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.-ഇകെഎം(പി.14)2294/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:29/11/2017

## എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | എസ്. വിജയകുമാർ ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.09.2017 മുതൽ 09.10.2017 വരെ | ജിനിൽ റോയ് ഡി. ഓഡിറ്റ് ഓഫീസർ. |
| | എം.എസ്. ഗോപകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.എം. നവാസ് ഓഡിറ്റർ. |

.

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷംസുദ്ദീൻ മക്കാർ | 01.04.2016 മുതൽ 26.06 2016 വരെ |
| | ശ്രീ.പി.കെ മൊയ്തു | 27.06.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എം.എം.ഷംസുദ്ദീൻ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | വി.എൻ.സുധാദേവി | 01.04.2016 മുതൽ 03.01.2017 FNവരെ |
| അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ്ജ് | എം.വി.ഗോപാലകൃഷ്ണൻ ഹെഡ് ക്ലാർക്ക് | 03.01.2017ANമുതൽ 04.01.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കാർത്തികേയൻ വി. | 5.1.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ഷൈജു പോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ഡീന എബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | റഷീദ വി.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷൈലജ കെ.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുമീറ ഇബ്രാഹിം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.മിനി സി.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അമൃത രവി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.സ്മിത കെ.മോഹൻ | 01.04.2016 മുതൽ 24.01.2017 വരെ |
| | ഡോ.ദിവ്യ സാംബശിവൻ | 25.1.2017 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റമീസ് പി.മുഹമ്മദ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ, മാവൂടി ജി.എൽ.പി.എസ്. | ലീല സി.കെ. | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യപത്രിക പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 13 | വസ്തു നികുതി നിർണ്ണയം - അപാകതകൾ | 2-1 | |
| 14 | കോഴി ഫാമുകളുടെ നികുതി നിർണ്ണയം സംബന്ധിച്ച് | 2-2 | |
| 15 | ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 | |
| 16 | ക്ഷീര സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | 2-4 | |
| 17 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 2-5 | |
| 18 | റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 2-6 | |
| 19 | ഇ-ടെണ്ടർ ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-7 | |
| | ഭാഗം- 3 | | |
| 20 | ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല. | 3-1 | |
| 21 | തെരുവ് വിളക്കുകളുടെ പരിപാലനം- ചെലവ് നിയന്ത്രിക്കേണ്ടതാണ്. | 3-2 | |
| 22 | വരുമാന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 | |
| 23 | മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-4 | |
| 24 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്- വിനിയോഗത്തിലെ അപാകത | 3-5 | |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-6 | |
| 26 | കേന്ദ്ര ഫണ്ട് വിനിയോഗിക്കാതെ ബാക്കിയാകുന്നു. | 3-7 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| 39 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |

.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 7,59,51,950 | 7,54,10,221 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 2,71,54,332 | 2,68,33,926 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 56.61ലക്ഷം രൂപയുടെയും, 1.64കോടി രൂപയുടെയും വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 2.7.2017 |

## 1- 3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2437326 |
| വരവ് | 27154332 |
| ആകെ | 29591658 |
| ചെലവ് | 26833926 |
| നീക്കിയിരിപ്പ് | 2757732 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 6150411 | 5757485 | 93.61% |
| വികസനഫണ്ട് - എസ്.സി.പി. | 1172649 | 1041204 | 88.79% |
| വികസനഫണ്ട് - ടി.എസ്.പി. | 7845 | 0 | 0% |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 7703904 | 515825 | 6.69% |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 2450090 | 95.90% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3449856 | 2988775 | 86.63% |
| പെർഫോമൻസ് ഗ്രാന്റ് | 1952836 | 1878170 | 96.17% |
| ബി. ഫണ്ട് | 16411530 | 16411530 | 100% |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 6629669 | 6620419 | 92.50% |

സംരക്ഷണഗ്രാന്റ് (റോഡ്) എന്ന ഇനത്തിൽ കേവലം 6.69% മാത്രമേ ചെലവുള്ളു എന്നത് പ്രത്യേകം പരാമർശിതമാണ്. ഇത് എന്തുകൊണ്ടാണ് എന്ന് പഞ്ചായത്ത് ഭരണസമിതി പരിശോധിക്കേണ്ടതാണ്.

.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 101 | 29471422 | 72 | 17845437 | 26 | 3 | 71.28% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. തെരുവ് നായ നിയന്ത്രണം

2. പൊതുശ്മശാന നിർമ്മാണം

3. വെളിയംകുന്ന് യുവജനക്ഷേമകേന്ദ്രം

ബാക്കി പദ്ധതികൾ 2017-18 വർഷത്തിൽ സ്പിൽഓവർ പ്രൊജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 53.33 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2217473 | 3345007 | (+)1127534 | (+)50.85 |
| നികുതിയേതര വരവുകൾ | 290589 | 474413 | (+)183824 | (+)63.26 |
| മറ്റ് വരവുകൾ | 11012 | 43124 | (+)32112 | (+)292 |
| ആകെ | 25,19,074 | 38,62,544 | (+)13,43,470 | (+)53.33 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74040 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 2091900 | 221 |
| വിധവാപെൻഷൻ | 4568250 | 430 |
| വാർദ്ധക്യകാലപെൻഷൻ | 7808180 | 636 |
| വികലാംഗപെൻഷൻ | 1670760 | 165 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്ക് പെൻഷൻ | 89600 | 8 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2017ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4672/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്. യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പെൻഷൻ ഫണ്ടുകളുടെ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യ പ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്ക പ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 142 | 1 | 1463 | 1606 | 720 | 719 | 2260 | 28 | 17299 | 19587 | 1 |

| മുന്നിരിപ്പ് | തൻവർഷവരവ് | | | | ആകെ വരവ് | ചെലവ് | | | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ചെലവു കൾക്കാ യുള്ള തുക (AFS പ്രകാരം) | ബാങ്കിൽ നിന്നുള്ള പലിശ | ആകെ | | EFMS | ഭരണ ചെലവു കൾക്കാ യുള്ള തുക (AFS പ്രകാരം) | ആകെ | |
| 0 | 5661699 | 967002 | 968 | 6629669 | 6629669 | 5661699 | 958720 | 6620419 | 9250 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 138 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 138 |

തൊഴിൽ ആവശ്യപ്പെട്ട 720 പേരിൽ ഒരാൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 18.9.2017 | 08/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2006- 18.02.2006 | 1997-98 മുതൽ 2004-05 വരെ | 10.04.2006 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയം - അപാകതകൾ

2016-17 വർഷത്തെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രജിസ്റ്റർ/ഫയലുകൾ (സഞ്ചയ /വസ്തു നികുതി നിർണ്ണയ രജിസ്റ്റർ) എന്നിവ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയം നടത്തിയതിൽ തറ വിസ്തീർണ്ണത്തിൽ സ്ലാബ് മാറ്റി രേഖപ്പെടുത്തിയത് കാരണം നികുതി നിർണ്ണയത്തിൽ കുറവുണ്ടായതായി കാണുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 24.09.2011 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30/- രൂപയും 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് 60/- രൂപയും ആണ് നിശ്ചയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ 100 ച.മീറ്ററിൽ അധികം വിസ്തീർണ്ണം ഉള്ള ചില കെട്ടിടങ്ങളുടെ നികുതി ടി നിബന്ധനകൾ അനുസരിച്ചല്ല നിർണ്ണയിച്ചിട്ടുള്ളത്. ആയതിനാൽ നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഇത്തരം കെട്ടിടങ്ങളുടെ വിവരവും കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി നിരക്കും ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | വാർഡ്/കെട്ടിട നം./വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗം | നിർണ്ണയിച്ച നികുതി (ഇളവ്, വർദ്ധനവ് ഉൾപ്പെടെ) ച.മീറ്ററിന് 30/-രൂപ നിരക്കിൽ | നിർണ്ണയിക്കേണ്ടത് /ച.മീറ്ററിന് 60/-രൂപ നിരക്കിൽ | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | നിസ കിഴക്കേൽ | (എ) II-3-A/47.67 ച.മീ. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ, റെസ്റ്റോറന്റുകൾ മുതലായവ – അടിസ്ഥാന വസ്തുനികുതി നിരക്ക് – 30/- | 1803 | 3606 | 1803 |
| | | (ബി) II-3-B/58.76 ച.മീ. | „ | 2222 | 4444 | 2222 |
| 2 | നിഷാദ് ചാപ്പാംകോട്ട് | (എ) II-436-A/11.95 ച.മീ. | „ | 4518 | 9036 | 4518 |
| | | (ബി) II-436-B/164.68 ച.മീ | „ | 6226 | 12452 | 6226 |
| 3 | ഉമ്മർ കുട്ടംകുളത്തിൽ | (എ) II-465-A/26.82 ച.മീ. | „ | 1015 | 2030 | 1015 |
| | | (ബി) II-465-B/26.82 ച.മീ. | „ | 1015 | 2030 | 1015 |
| | | (സി) II-465-C/26.82 ച.മീ. | „ | 1015 | 2030 | 1015 |
| | | (ഡി) II-465-D/26.82 ച.മീ. | ,, | 1015 | 2030 | 1015 |
| | | (ഇ) II-465-E/53.64 ച.മീ. | ,, | 2029 | 4058 | 2029 |
| | ആകെ | | | | | **20858** |

മേൽ വിവരങ്ങൾ രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം.12/05.10.2017ന് ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകന്റെ ആവശ്യപ്രകാരം ഒന്നിൽ കൂടുതൽ നമ്പർ അനുവദിക്കുകയും ഓരോ കെട്ടിടമുറിയ്ക്കും മേൽ ചട്ടപ്രകാരം നികുതി നിർണ്ണയിക്കുകയും ചെയ്തു എന്ന് പറയുന്നു.

എന്നാൽ ടി കെട്ടിടങ്ങളുടെ കാര്യത്തിൽ ഒരു ഉടമയുടെ തന്നെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന് കെട്ടിടത്തിന്റെ ഉപയോഗതരം മാറാതെ വിഭജിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഇത് ടി ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാവുന്നതല്ല. (ഈ പഞ്ചായത്തിലെ തന്നെ 8-ാം വാർഡിൽ കുറുപ്പകണ്ടം നാസർ, കുണ്ടുകുളം എന്നയാളുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് നം.108-A(52.91 ച.മീ.), 108-B(26.51 ച.മീ.), 108-C (75.9 ച.മീ) നമ്പർ നൽകി നികുതി നിർണ്ണയിച്ചിരിക്കുന്നത് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയുടെ ഗണത്തിൽ പെടുത്തിയാണ്.)

തെറ്റായി നികുതി നിർണ്ണയം നടത്തിയത് മൂലം കുറവ് വന്ന 20858/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലെ മേൽ അപാകതകൾ ഉള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുനഃ പരിശോധിക്കേണ്ടതുമാണ്.

വിഷയത്തിൽ ധനകാര്യസ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 കോഴിഫാമുകളുടെ നികുതി നിർണ്ണയം സംബന്ധിച്ച്

സഞ്ചയ പ്രകാരം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 30 കോഴി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് കാണുന്നു. കോഴി ഫാമുകൾക്ക് നമ്പർ നൽകിയതിന് ശേഷം അനുബന്ധമായി അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതായും നികുതി പുനർ നിർണ്ണയം നടത്താതെ പ്രവർത്തിക്കുന്നതായും കാണുന്നു. ഇപ്രകാരം കൂടുതൽ കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ച് ഫാമുകൾ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധവും നിരവധി ആരോഗ്യ/മലിനീകരണ പ്രശ്നങ്ങളും ഉണ്ടാക്കുമെന്നതിനാലും സ്ഥലപരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. 2016-17 വർഷത്തെ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനത്തിൽ ചുവടെ ചേർക്കുന്ന വിധത്തിൽ ജീവനക്കാരുള്ളതായി സ്ഥാപന ഉടമ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ /സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | വിഎം.ഷമീർ,പള്ളിക്കരയിൽ/നല്ലെണ്ണ,റൈസ് ബ്രാന്റ് ഓയിൽ/ഫിഫ ഓയിൽ മിൽ | 32 | 9 |
| 2 | കെ.എം.ഷിഹാബ്,കുഴിപ്പനായിൽ/മേന്മ ഫുഡ് ഇൻഡസ്ട്രീസ് | 25 | 19 |

ഇപ്രകാരം ജീവനക്കാരുടെ വിവരം സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടും നികുതി പിരിക്കാത്തത് അപാകതയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/05-10-2017 നുള്ള മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ക്ഷീര സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി 2016-17 വർഷം ഈടാക്കിയിട്ടില്ല. ഓഡിറ്റിന്റെ അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പേര് | സ്ഥലം |
|---|---|---|
| 1 | അടിവാട് ക്ഷീരോല്പാദക സഹകരണ സംഘം ക്ളിപ്തം നം. ഇ 81(D) APCOS | അടിവാട് |
| 2 | പൈമറ്റം ക്ഷീരോല്പാദക സഹകരണ സംഘം ക്ളിപ്തം നം. ഇ 80(D) APCOS | പൈമറ്റം |
| 3 | PDDP സൊസൈറ്റി, പിടവൂർ | പിടവൂർ |

എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-5 ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ 1477 കെട്ടിടങ്ങൾ പാർപ്പിടേതര വിഭാഗത്തിൽ ഉണ്ട്. ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ വെറും 231(സ്ഥാപനങ്ങൾ 201+കോഴി ഫാമുകൾ 30) എണ്ണത്തിൽ മാത്രമാണ് ഡി ആൻഡ് ഒ ലൈസൻസ് ഉള്ളത്. ഒരു കെട്ടിടത്തിന് ഒന്നിലധികം നമ്പരുകളുണ്ടാകാനുള്ള സാധ്യതയും വേക്കൻസി റെമിഷനുള്ള സാദ്ധ്യതയും കണക്കിലെടുത്താലും ഇതിലും അധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങൾ ഉണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലഭ്യമായ ജീവനക്കാരെ ഉപയോഗിച്ച് വേണ്ട സ്ഥല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

എല്ലാ വാർഡുകളിലും വിശദമായ സ്ഥല പരിശോധന നടത്തി അനധികൃത വ്യാപാരസ്ഥാപനങ്ങൾ കണ്ടെത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു. പാർപ്പിടം എന്ന് അസ്സസ്സ് ചെയ്ത കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതും, സ്ഥാപനത്തിന്റെ തൊഴിൽ നികുതി അസ്സസ്സ്മെന്റും, അനധികൃത മൊബൈൽ ടവറുകളും ,മേൽ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 5/05-10-2017 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അനധികൃതമായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയോ സെക്രട്ടറി നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്റെയോ ചുമതലയിൽ നിശ്ചിത പ്രൊഫോർമ തയ്യാറാക്കി വാർഡുമെമ്പർമാരുടെ സഹായത്തോടെ സമയബന്ധിതമായി അന്വേഷണം പൂർത്തീകരിച്ച് എല്ലാ സ്ഥാപനങ്ങളുടേയും വിവരം ശേഖരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് അർഹമായ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യസ്ഥിരം സമിതിയുടേയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

2016-17 വർഷം പല്ലാരിമംഗലം ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻ ഷോപ്പുകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പിരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ്

(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായുള്ള പട്ടിക 1 ൽ 149 ാമത്തെ ഇനമായി റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവ നടത്തിപ്പ് എന്നത് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കേണ്ടതും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരമുള്ള ഡി & ഒ ലൈസൻസ് ആവശ്യമുള്ളതുമാണ്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204, 205 വകുപ്പുകളും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങളും പ്രകാരം തൊഴിൽ നികുതിയും പിരിക്കേണ്ടതാണ്. 18-08-2017 തീയതിയിലെ നം.സി4-25910/17 പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്തിൽ റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് /തൊഴിൽ നികുതി എന്നിവ പിരിക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/05-10-2017 നുള്ള മറുപടിയിൽ ലൈസൻസ് ഫീസ് /തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-7 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

2015-16, 2016-17 വർഷങ്ങളിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് താഴെപ്പറയും പ്രകാരം ഈടാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

| വർഷം | ഇ-ടെൻഡർ വഴിയുള്ള പ്രവൃത്തികളുടെ എണ്ണം | ടെൻഡർ ഫീസ് |
|---|---|---|
| 2015-16 | 8 | 9405 |
| 2016-17 | 23 | 30780 |
| | ആകെ | 40185 |

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വരേണ്ടിയിരുന്ന ടി തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആയതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല.

1. 2016-17 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം ഓണം അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരനിൽ നിന്നും അഡ്വാൻസ് പൂർണ്ണമായി തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് /തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർനം./ തീയതി | ചെക്ക് നം. | തിരികെ ഈടാക്കുവാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| ഗോപാലകൃഷ്ണൻ/ ഹെഡ് ക്ലാർക്ക് | 15000/- | 21600344 /09-09-2016 | 1485/09-09-2017 | 6000/- |

2017 ഫെബ്രുവരി മാസം തിരിച്ചടവ് പൂർത്തിയാകേണ്ട ഓണം അഡ്വാൻസ് തിരികെ ഈടാക്കാത്തത് അപാകതയാണ്.

2. 2017-18 വർഷത്തെ ഓണം അഡ്വാൻസ് നൽകിയതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ അവരിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് രജിസ്റ്ററിലുള്ള രേഖപ്പെടുത്തൽ ആവശ്യമാണ്. ആയത് പരിഹരിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/05-10-2017 നുള്ള മറുപടിയിൽ ഓണം അഡ്വാൻസ് തിരികെ ഈടാക്കുന്നതിനും, 2017 ലെ ഓണം അഡ്വാൻസ് വിവരങ്ങൾ രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തൽ വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 6000/- രൂപ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം- ചെലവ് നിയന്ത്രിക്കേണ്ടതാണ്.

2016-17 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ പ്രതിമാസം 53586/- രൂപ തെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അടക്കുന്നുണ്ട്. 13-04-2015 മുതലാണ് ഈ നിരക്കിൽ അടച്ച് തുടങ്ങിയത്.2016-17 വർഷം ഈയിനത്തിൽ ആകെ 645725/- രൂപ അടച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഫയലുകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ തെരുവ് വിളക്ക് സംബന്ധിച്ച സ്ഥിതിവിവര കണക്ക് സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളാണ് ഉള്ളത് . നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത തെരുവു വിളക്കുകളുടെ വിവരം വാർഡ് തലത്തിൽ ശേഖരിച്ച് പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിക്കേണ്ടതുമാണ്. തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ 11-01-2016 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം 4/2016 ത.സ്വ.ഭ.വ – 12ാം പദ്ധതി മാർഗ്ഗരേഖ-സബ്സിഡി പൊതു വിഷയങ്ങൾ ഐറ്റം - 7.9 പ്രകാരം ഊർജ്ജ ക്ഷമതയാർന്നതും മറ്റ് ലാമ്പുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമായ എൽ.ഇ.ഡി. ലാമ്പുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

## 3-3 വരുമാന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

വി. ഇ. ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ബി.പി.എൽ. കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ - ജനറൽ' എന്ന പ്രോജക്റ്റിൽ (S0031/2017) APL റേഷൻ കാർഡുള്ള 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഫയലിൽനിന്നും ഇവരുടെ വാർഷിക വരുമാനം 50000 രൂപയിൽ കുറവാണെന്ന് കാണിക്കുന്ന വരുമാന സർട്ടിഫിക്കറ്റോ, ഗ്രാമസഭ അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റോ പരിശോധനയ്ക്കു ലഭിച്ചില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | നല്കിയ തുക |
|---|---|---|---|
| 1 | സാജിത നവാസ്, വള്ളോംപടി, പൈമറ്റം | 34007692457 SBI | 4000/- |
| 2 | ഷംസുദീൻ, മയ്യുണ്ണിയിൽ, പൈമറ്റം | 40611100001657 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 3 | വൽസ ജോണി, വടക്കേടത്ത്, | 33293161650 SBI | 4000/- |

| | | | |
|---|---|---|---|
| | പൈമറ്റം | | |
| 4 | ത്രേസ്യാമ്മ ദേവസ്യ, വാരിക്കാട്ട്, മണിക്കിണർ പി ഒ. | 1980101010308 | 4000/- |
| 5 | ഷാന്റി സെബാസ്റ്റിൻ, തൊണ്ടിയിൽ, മണിക്കിണർ | 40611100002853 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 6 | സുഹറമൈതീൻ, പല്ലാരിമംഗലം.തേളായിൽ, പല്ലാരിമംഗലം. | 40611100002840 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 7 | നൗഷദ് പി.എം, പുത്തൻപുരയിൽ, പല്ലാരിമംഗലം | 406111000098 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 8 | നസിമ കരിം, വടക്കേക്കര, കുടമുണ്ട. | 4061110002280 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 9 | മേരി ജോയി, മുല്ലപറമ്പിൽ, പല്ലാരിമംഗലം | 406111001814 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| 10 | സഫിയ നാസർ, വല്ലംപടി, മണികിണർ | 33399904701 SBI | 4000/- |
| 11 | തോമസ് വർക്കി, പണ്ടാരകയത്തിൽ, പരീക്കണ്ണി | 33036524600 SBI | 4000/- |
| 12 | മുഹമ്മദ് കെ.എച്ച്., കുറിഞ്ഞിലകാട്, പല്ലാരിമംഗലം | 4061110101003767 കേരള ഗ്രാമീൺ ബാങ്ക് | 4000/- |
| | ആകെ | | 48000/- |

വരുമാന സർട്ടിഫിക്കറ്റ് /ഗ്രാമസഭ അംഗീകരിച്ച ബി പി എൽ ലിസ്റ്റ് എന്നിവയുടെ അഭാവത്തിൽ 48,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ "ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ "(S060/2017) എന്ന പ്രോജക്ടിൽ മെഡിക്കൽ ഓഫീസർ നൽകിയ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളുടെ വിലയായി, ട്രഷറി ബിൽ നമ്പർ.01, തീയതി.23/12/2016 പ്രകാരം 3,00,000/-രൂപ "ഔഷധി" ക്കു നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 209463/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 90537/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്- വിനിയോഗത്തിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.032/17 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ യൂണിറ്റുകൾക്ക് |

| | |
|---|---|
| | റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 96000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവഴിച്ച തുക | 96,000/-<br>(ട്രഷറി ബിൽ നം. 13/2016-17/ 31.03.17) |

"കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് " എന്ന പ്രോജക്ടിൽ താഴെപ്പറയുന്ന യൂണിറ്റുകൾക്ക് 10000/- രൂപ വീതം നല്കിയിട്ടുണ്ട്.

| കുടുംബശ്രീ യൂണിറ്റുകളുടെ പേര് | സബ്സിഡി തുക | ലോൺ അക്കൗണ്ട് ബാങ്ക് |
|---|---|---|
| കൈരളി | 10000 | ഐ.സി.ഐ.സി.ഐ |
| ഉദയം | 10000 | ഐ.സി.ഐ.സി.ഐ |
| പുനർജനി | 10000 | ഐ.സി.ഐ.സി.ഐ |
| ഉഷസ്സ് | 10000 | ഐ.സി.ഐ.സി.ഐ |
| ഐശ്വര്യ | 10000 | ഐ.സി.ഐ.സി.ഐ |
| ശ്രേയ | 10000 | ഐ.സി.ഐ.സി.ഐ |
| തണൽ | 10000 | കേരള ഗ്രാമീണ ബാങ്ക് |
| ജനനി | 10000 | കേരള ഗ്രാമീണ ബാങ്ക് |
| ഓർക്കിഡ് | 10000 | കേരള ഗ്രാമീണ ബാങ്ക് |
| കൈരളി | 6000 | കേരള ഗ്രാമീണ ബാങ്ക് |
| ആകെ | 96000/- | |

എന്നാൽ ഈ യൂണിറ്റുകളുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിന്റെയും, ഈ റിവോൾവിംഗ് ഫണ്ട് ചെലവഴിച്ചത് എന്തിന് എന്നതിന്റെയും വിശദാംശങ്ങൾ ഹാജരാക്കാത്തതിനെ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ സബ്സിഡി തുക അതാത് കുടുംബശ്രീ യൂണിറ്റുകളുടെ ത്രിഫ്റ്റ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്.

എന്നാൽ ഈ പ്രൊജക്ട് ബാക്ക് എൻഡ് സബ്സിഡി ലോൺ മാതൃകയിലുള്ളതായതിനാൽ സബ്സിഡി തുക കുടുംബശ്രീ യൂണിറ്റുകളുടെ വായ്പ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യേണ്ടിയിരുന്നത്.

റിവോൾവിംഗ് ഫണ്ട് നല്കിയത് ചെറുകിട സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയായിരുന്നു. അതിനുവേണ്ടിയാണ് ബാങ്കുകളുമായി ലോൺ ലിങ്ക്ഡ് സബ്സിഡി നല്കിയത്. എന്നാൽ ഒരു ബാങ്കിൽ നിന്നും കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ നല്കിയതായും കാണുന്നില്ല.

എന്നാൽ വായ്പ അക്കൗണ്ടിലേക്ക് സബ്സിഡി നല്കിയതിന് ശേഷം ആ തുക കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് മാറ്റി കുടുംബശ്രീ യൂണിറ്റംഗങ്ങൾ ചെറുവായ്പകൾ എടുക്കുന്ന ഒരു പ്രവണതയാണ് ഇവിടെ കാണുന്നത്. ഇത് ശരിയായ നടപടിയല്ല. പ്രൊജക്ടിൽ ലക്ഷ്യമിട്ട ഉദ്ദേശ്യം ഇവിടെ സാധൂകരിക്കപ്പെടുന്നില്ല. ആയതിനാൽ റിവോൾവിംഗ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ യൂണിറ്റുകൾ ടി

ഫണ്ട് ഉപയോഗിച്ച് പ്രൊജക്റ്റിൽ ലക്ഷ്യമിട്ട ചെറുകിട സംരംഭങ്ങൾ തുടങ്ങാൻ തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും, അതിനായി ബന്ധപ്പെട്ട ബാങ്കുകളിൽ നിന്ന് യൂണിറ്റുകൾക്ക് അർഹതപ്പെട്ട വായ്പ തുക ലഭ്യമാക്കി നല്കുവാനും, പഞ്ചായത്ത് ഭരണസമിതി, സി.ഡി.എസ്., കുടുംബശ്രീ മെമ്പർ സെക്രട്ടറി എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. കൂടാതെ കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടുകൾ സി.ഡി.എസ്. പ്രതിമാസയോഗങ്ങളിൽ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഡെപ്പോസിറ്റ് വർക്കിൽ ഏർപ്പെട്ട സ്ഥാപനം | വർക്ക് | ബിൽ നമ്പർ, തീയതി. | ഡെപ്പോസിറ്റ് ചെയ്ത തുക. |
|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈനിൽ വാൽവ് സ്ഥാപിക്കൽ. | ബിൽ നമ്പർ.34, തീയതി.23/12/2016 | 76000/- |
| 2 | കേരള വാട്ടർ അതോറിറ്റി | ഉപയോഗ രഹിതമായ വാട്ടർ ടാപ്പുകൾ വിച്ഛേദിക്കൽ. | ബിൽ നമ്പർ.35, തീയതി.23/12/2016 | 115000/- |
| 3 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നമ്പർ.39, തീയതി.28/03/2017 | 49980/- |

## 3-7 കേന്ദ്ര ഫണ്ട് വിനിയോഗിക്കാതെ ബാക്കിയാകുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി പൂരക പോഷകാഹാരം |
| പ്രോജക്റ്റ് നം. | S0061/2016-17 |
| അടങ്കൽ | 20,00,000/-<br>1. 12,00,000/- പ്ലാൻ ഫണ്ട്<br>2. 8,00,000/- കേന്ദ്ര ഫണ്ട് |
| ആകെ ചെലവ് | 15,81,093/-<br>1. 12,00,000/- പ്ലാൻ ഫണ്ട്.<br>2. 3,81,093/- കേന്ദ്ര ഫണ്ട്. |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പൂരക പോഷകാഹാരം എന്ന പദ്ധതിയിൽ കേന്ദ്ര വിഹിതമായി 404492/- (B4 ഷെഡ്യൂൾ പ്രകാരം )രൂപ ഗ്രാമപഞ്ചായത്തിൽ ബാക്കിയുണ്ട്. 37843/- രൂപ മുൻബാക്കിയും 747742 /- രൂപ തൻവർഷ വരവും ചേർത്ത് ആകെ 785585/- രൂപയിൽ 381093/-രൂപ മാത്രമാണ് ചെലവാക്കിയത്. അങ്കണവാടി പോഷകാഹാരത്തിന്

വേണ്ടി ചെലവായ 1581093/- രൂപയിൽ 12,00,000/-രൂപ വികസനഫണ്ടിൽ നിന്നാണ് ചെലവാക്കിയത്.

പോഷകാഹാര വിതരണത്തിന് ചെലവഴിക്കേണ്ട കേന്ദ്ര തുക ചെലവഴിക്കാതെ പല പദ്ധതികൾക്കും വിനിയോഗിക്കാവുന്ന വികസന ഫണ്ട് ചെലവഴിച്ചത് യുക്തിസഹമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രത്യേക ആവശ്യത്തിനുള്ള ഫണ്ട് പരിപൂർണ്ണമായി ഉപയോഗിച്ച ശേഷം മാത്രം പൊതുഫണ്ട് ഉപയോഗിക്കുന്നതാണ് ഉചിതം. മാത്രമല്ല കേന്ദ്ര ഫണ്ട് അതാത് സാമ്പത്തിക വർഷം വിനിയോഗിക്കാത്തത് ആയതിന്റെ ആവശ്യകതയുടെ കുറവായി കണ്ട് ഭാവിയിൽ ഇത്തരത്തിലുള്ള ഫണ്ടുകൾ കുറയാനുള്ള സാദ്ധ്യതയും ഉണ്ട്.

ഓഡിറ്റിന്റെ അന്വേഷണത്തിൽ ഓഡിറ്റ് നടക്കുന്ന കാലയളവ് വരെ പൂരക പോഷകാഹാര പദ്ധതിയിൽ മുൻ വർഷം ചെലവഴിക്കാതെ ബാക്കിയായ 404492/-രൂപ ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/08-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമായ കേന്ദ്ര ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000 | നെൽകൃഷി വികസന പദ്ധതി | 1,46,400 | 3,600 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വാൽവ് മാറ്റൽ | 34/16-17 23.12.16 | 76000 | 0 | 76000 |
| | ഉപയോഗരഹിതമായ വാട്ടർ ടാപ്പുകൾ | 35/16-17 23.12.16 | 115000 | 0 | 115000 |

| | | | | | |
|---|---|---|---|---|---|
| | വിച്ഛേദിക്കൽ | | | | |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 39/16-17 28.03.17 | 49980 | 0 | 49980 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. | സ.ഉ(സാധാ)നം 530/2010/ ത.സ്വ.ഭ.വ തീ. 18.02.2010 | 6994500 | 2535914 | 699450 | - | 1836464 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 744/- രൂപ തിരിച്ചടച്ചതായി വാർഷികധനകാര്യപത്രികയിൽ ചേർത്തിട്ടുണ്ട്. ഇത് 2015-16 ഓഡിറ്റ് വേളയിൽ തിരിച്ചടച്ചതാണ്. ഓഡിറ്റ് ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുള്ളതല്ല.

ഈയിനത്തിൽ തൻവർഷം ലഭിച്ച 744/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| - | - | 744/- | മൃദുൽ മോഹൻ വി.ഇ.ഒ | 11601102215 dtd. 5.1.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27154332 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 26833926 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 20858 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 48000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 20858 | | ശ്രീ. എം.എം.ഷംസുദ്ദീൻ സെക്രട്ടറി |
| 3-1 | | 6000 | |
| ആകെ | 20858 | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 48000 | ശ്രീ.ഷൈജു പോൾ വി.ഇ.ഒ |
| | 48000 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.എം.എം.ഷംസുദ്ദീൻ സെക്രട്ടറി | സെക്രട്ടറി പല്ലാരിമംഗലം | മണ്ണാന്തറ (വീട്) കൂവള്ളൂർ പി.ഒ പല്ലാരിമംഗലം |
| ശ്രീ.ഷൈജ്ജ പോൾ വി.ഇ.ഒ. | വി.ഇ.ഒ പല്ലാരിമംഗലം | കാക്കനാട്ട് (വീട്) ആയവന പി.ഒ എറണാകുളം |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1997-98 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1998-99 | എൽ.എഫ്.ഇ.(പി-1)1520/01 തീയതി 04.05.2012 |
| 1999-00 | എൽ.എഫ്.ഇ.(പി-1)1685 തീയതി 01.11.2012 |
| 2000-01 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.01.2005 |
| 2001-02 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.04.2005 |
| 2002-03 | എൽ.എഫ്.ഇ.(പി-1)207/09 തീയതി 30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി-1)208/09 തീയതി 30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി-1)209/09 തീയതി 30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി-7)234/12 തീയതി 18.02.2012 |
| 2006-07 | എൽ.എഫ്.ഇ.(പി-7)233/12 തീയതി 28.02.2012 |
| 2007-08 | എൽ.എഫ്.ഇ.(പി-7)232/12 തീയതി 28.02.2012 |
| 2008-09 | എൽ.എഫ്.ഇ.(പി-7)231/12 തീയതി 28.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി-7)283/11 തീയതി 29.12.2011 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി-7)1949/13 തീയതി22.11.2013 / 05.12.2013 |
| 2013-14 | എൽ.എഫ്.ഇ.(പി-7)615/2015 തീയതി 08.06.2015 / 16.07.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി .8) 1303/2016 തീയതി. 01.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി .14) 46/2017 തീയതി. 17.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഇ.കെ.എം (പി.14) 2194/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in

തീയതി:29/11/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## AUDIT CERTIFICATE - 2016-17

No.KSA.EKM(P.14)2194/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad - 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 29/11/2017

Certified that I have audited the Annual Financial Statement of PALLARIMANGALAM Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of PALLARIMANGALAM Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director